മാവൂരും വാഴക്കാടും ഇന്ന്

സി. സുരേന്ദ്രനാഥ്

"ഒരു നഗരത്തിൽ ഒരനീതിയുണ്ടായാൽ അവിടെ ഒരു കലാപമുണ്ടാകണം. അല്ലെങ്കിൽ ആ നഗരം കത്തിച്ചാമ്പലാവുന്നതാണ് നല്ലത്" ബെർതോൾട് ബ്രെഹ്തിന്റെ ഈയൊരു കവിതാശകലം ഒരു മുദ്രാവാക്യമായി പരിണമിച്ച് കേരളത്തിലങ്ങോളം അലയടിച്ചിരുന്നു. ഒരു കാലത്ത് അനീതിയും കലാപവുമെന്ന ദ്വന്ദ്വത്തിനിടയിലുള്ളതൊക്കെ ആത്മവഞ്ചനയുടെ ചുടലക്കളമാണെന്ന ആശയം നിരവധി പരിസ്ഥിതി, മനുഷ്യാവകാശ സമരങ്ങൾക്ക് അമിതാവേശം തന്നെ നൽകിയിട്ടുണ്ട്.

1985 മുതൽ 1988 വരെ മാവൂരിലെ ഗ്രാസിം ഇൻഡസ്ട്രീസ് (ഗ്വാളിയോർ റയോൺസ്) പൂട്ടിയിട്ട് ബിർള തൊഴിലാളികളെ പട്ടിണി കിടത്തിയ അനീതിക്കെതിരെ 1988 ൽ ഉയർന്ന വന്ന ജനകീയ മനുഷ്യാവകാശ പ്രക്ഷോഭത്തിന്റെ കാലത്ത് ഈയൊരു മുദ്രാവാക്യം ചാലിയാർ പുഴയുടെ തീരത്തുള്ള ഗ്രാമങ്ങളിലും അലയടിച്ചു. പിന്നീട്, പതിനൊന്ന വർഷത്തിനുശേഷം, 1999-ൽ, കടുത്ത അന്തരീക്ഷമലിനീകരണവും പരിസ്ഥിതിനാശവും, മുൻനിർത്തി ഇതേ കമ്പനിക്കെതിരെ ഉയർന്ന വന്ന പരിസ്ഥിതി - മനുഷ്യാവകാശ സമരത്തിന്റെയും ആന്തരിക ഊർജ്ജം അനീതിക്കെതിരായ കലാപം എന്ന ആശയത്തിന്റേതായിരുന്നു. മറുവശത്ത്, കടുത്ത തൊഴിലവകാശനിഷേധങ്ങളുടെ തിക്താനുഭവങ്ങൾക്കിടയിലും വർദ്ധിച്ചുവന്ന ജനകീയ എതിർപ്പുകൾക്കിടയിലും മാവൂരിലെ ഫാക്ടറിത്തൊഴിലാളികൾക്ക് ഇടക്കാലശ്വാസം നൽകിയത് 'തൊഴിലാളിവർഗ സ്വപ്നങ്ങളെ ആഴത്തിൽ താലോലിക്കുന്ന' ചില 'പുരോഗമന മുദ്രാവാക്യകവിത'കളായിരുന്നു.

മാവൂരിൽ റയോൺസിന്റെ
ശബ്ദങ്ങൾ ശ്രവിക്കുമ്പോൾ
മാനവഹൃദയങ്ങൾ
പുളകം കൊള്ളുന്നല്ലോ...!
ഗ്വോളിയോർ റയോൺസിലെ
ബോയിലറും ഡൈജസ്റ്ററും
ബ്ലീച്ചിംഗും വാഷിംഗുമാ
ചിപ്പറും മറ്റും മറ്റും
അകലെ വനങ്ങളിൽ
പാഴിലായ് പോകും മുള
ചവച്ചു തുപ്പുന്നല്ലോ
പട്ടുനൂലുകൾ നെയ്യാൻ...
കൂറ്റൻ സൈറൺ ഗർജ്ജിക്കുന്നു
ചിമ്മിനി തീപ്പുക തുപ്പുന്നു...
ചിമ്മിനി നോക്കുമ്പോഴും
ഭിത്തികൾ കാണുന്തോറും
എൻമനം കൈകൂപ്പികൊ-
ണ്ടോർമ്മിപ്പൂ സഹജരെ.
ഇവിടെ പുകക്കുഴൽ പൊക്കിയോരിവിടുത്തെ
ഇതിഹാസരേഖയിൽ മായാത്ത വ്യക്തികൾ
ഇവിടുത്തെ മില്ലിന്റെ ഭിത്തികൾ കെട്ടിയോർ
നാടിന്റെ മോചനപ്പാതയൊരുക്കിയോർ.

മാവൂർ ഫാക്ടറിയിലെ സി.ഐ.ടി.യു നേതാവും 'കമ്മ്യൂണിസ്റ്റ് കവി'യുമായ സി.എൻ. വിദ്യാധരന്റേതാണ് ഈ വരികൾ.

യാഥാർത്ഥ്യത്തിൽ നിന്ന് കവിതകളിലേക്കും, ഈരടികളിൽ നിന്ന് മുദ്രാവാക്യങ്ങളിലേക്കും പത്രത്താളുകളിലെ തലക്കെട്ടുകളിലേക്കും കൂടുമാറുമ്പോൾ ചാലിയാർ തീരത്തെ ഫാക്ടറിക്കു ചുറ്റുമുള്ള ജനങ്ങളുടെ ജീവിതം ലളിതവത്കരിക്കപ്പെടുന്നു. അങ്ങനെ മാവൂർ ചിലർക്ക് "മരിച്ചവരുടെ നഗരം" മാത്രമായും വേറെ ചിലർക്ക് "ആഗോളവത്കരണത്തിന്റെ രക്തസാക്ഷി"യുമായി മാറുന്നു. മാവൂരിന്നങ്ങേക്കരയിൽ ഫാക്ടറിയിൽ നിന്നുള്ള മലിനീകരണത്തിന്റെ ആഘാതം ഏറ്റവുമധികം അനുഭവിച്ച് "ദുരന്തങ്ങളുടെ മാപ്പുസാക്ഷിയായി" ചിത്രീകരിക്കപ്പെട്ട വാഴക്കാട് ഗ്രാമം " ആഗോളകുത്തകയെ കെട്ടുകെട്ടിച്ച് ധീരയോദ്ധാക്കളുടെ നാടാ"യി പുനർജ്ജനിക്കുന്നു.

ചാലിയാറിന്റെ ഇരുകരകളിലെയും ജീവിതയാഥാർത്ഥ്യം ഒരിക്കലും ഇത്ര ലളിതമായിരുന്നില്ല. ഇടയ്ക്കിടയ്ക്ക്, വേറെ ഗതിയില്ലാതെ, അനീതിക്കെതിരെ ശക്തമായി പ്രതിഷേധിച്ചുകൊണ്ടിരിക്കുമ്പോഴും കീഴടങ്ങലുകളും ഒത്തുതീർപ്പുകളും തന്നെയായിരുന്നു ജീവിതത്തിന്റെ മുഖമുദ്ര. 1963 മുതൽ 2001 വരെ മാവൂർ ഫാക്ടറിക്കെതിരെ നടന്ന മലിനീകരണ വിരുദ്ധ സമരങ്ങളും, ഫാക്ടറിക്കകത്തു നടന്ന തൊഴിൽസമരങ്ങളും സാക്ഷ്യപ്പെടുത്തുന്നത് ഇത്തരമൊരവസ്ഥയാണ്.

1988ൽ പൂട്ടിക്കിടന്ന ഫാക്ടറി തുറപ്പിക്കാൻ വേണ്ടിയുള്ള സമരത്തിന്റെ ഊന്നൽ സർക്കാരിനെക്കൊണ്ട് ഫാക്ടറി ഏറ്റെടുപ്പിക്കുക എന്നതായിരുന്നു. "കുത്തക ബിർളയെ കെട്ടുകെട്ടിക്കുക, മാവൂരിനെ രക്ഷിക്കുക" എന്നതായിരുന്ന ഏതുവിധേനയും ഫാക്ടറി തുറക്കാൻ വേണ്ടിയുള്ള സമരത്തിന്റെ ഉൾപ്പിരിവുകളിൽ ഉയർന്നുകേട്ട ഒരു മുദ്രാവാക്യം. എന്നാൽ സമരം ചെന്നെത്തിയത് സർക്കാർ ഇടപെട്ട് "കുത്തക ബിർള"യെ തന്നെ തിരിച്ചുവരുത്തി കൂടുതൽ വിട്ടുവീഴ്ചകൾ ചെയ്യുന്നതിലാണ്. തൊഴിലാളികൾക്ക് തൊഴിൽ വീണ്ടുകിട്ടി. എന്നാലവരുടെ തൊഴിലവകാശങ്ങൾ പൂർണ്ണമായും അടിയറവു വയ്ക്കേണ്ടതായി വന്നു. അസംസ്കൃത വസ്തുക്കളുടെ വില പകുതിയോളം വെട്ടിക്കുറയ്ക്കാൻ സർക്കാർ നിർബന്ധിതമായി.

ചാലിയാർ തീരത്തെ പരിസ്ഥിതി പ്രക്ഷോഭവും ഇത്തരം അനവധി സങ്കീർണതകൾ നേരിട്ടിട്ടുണ്ട്. 1974ൽ അന്നത്തെ ആഭ്യന്തര മന്ത്രി കെ. കരുണാകരന്റെ സാന്നിധ്യത്തിൽ ഒപ്പുവെച്ച രാമനിലയം കരാറിലൂടെ വാഴക്കാട്ടുകാർ നേടിയ വിജയം പുഴയുടെ കീഴ്പ്രദേശങ്ങളിലുള്ള ഭൂരിപക്ഷം ചാലിയാറിന്റെ മക്കളുടെയും പരാജയമായാണ് മാറിയത്. 'വാഴക്കാടിനടുത്തുള്ള കൽപ്പള്ളിക്കടവിൽ നിന്ന് മലിനജല നിർഗമനക്കുഴൽ 7.5 കിലോമീറ്റർ താഴെയുള്ള ചുങ്കപ്പള്ളിയിലേക്ക് മാറ്റാനാണ് രാമനിലയം കരാറിൽ ധാരണയുണ്ടാക്കിയത്.

ചാലിയാർ പുഴയുടെ തെക്കേക്കരയിൽ മലപ്പുറം ജില്ലയിലുള്ള അരീക്കോട്, വാഴക്കോട്, വാഴയൂർ, കോഴിക്കോട് ജില്ലയിൽപെട്ട ഒളവണ്ണ, ഫറോക്ക്, ബേപ്പൂർ തുടങ്ങിയ പഞ്ചായത്തുകളിലും, ചാലിയാറിന്റെ വടക്കേക്കരയിൽ മാവൂരിന്ന കീഴ്ഭാഗത്തുള്ള പെരുവയൽ പഞ്ചായത്തിലും താമസിക്കുന്ന മൂന്നുലക്ഷത്തിലധികം വരുന്ന ജനതയാണ് 'ചാലിയാറിന്റെ മക്കൾ, എന്ന് സ്വയം വിശേഷിപ്പിക്കാറുള്ളത്. "ഇവർ കർഷകരാവാം, മണൽ വാരുന്ന തൊഴിലാളികളാകാം, കോരുവലയുമായി ചാലിയാറിലേക്കിറങ്ങുന്ന മത്സ്യബന്ധനക്കാരാവാം. നിലമ്പൂരിൽ നിന്ന് ചാലിയാറിലൂടെ കൂറ്റൻ തെരപ്പം കൊണ്ടുപോയി ജീവിതത്തിന്റെ പച്ചത്തുരുത്തുകളിലണഞ്ഞവരാവാം. ഇതൊന്നുമല്ലെങ്കിൽ കെ.എ. റഹ്മാനെയും, പി.കെ.എം. ചേക്കുവിനെയും പോലെ ചാലിയാറിനെ നെഞ്ചിലേറ്റി ലാളിച്ചവരും ലാളിക്കുന്നവരുമാവാം. (ഹബീസി മാവൂരിലെ അവശിഷ്ട ദു:ഖങ്ങൾ, തേജസ്, മെയ് 16-30 2001, പേജ് 1)

മുതലാളിത്ത പൂർവ്വകാലഘട്ടത്തിലെ തൊഴിലുകളും സ്വപ്നങ്ങളും പുലർത്തുന്നവരായി ചിത്രീകരിക്കപ്പെടുന്ന 'ചാലിയാറിന്റെ മക്കളെ മാധ്യമങ്ങൾ എതിർനിർത്തുന്നത് നാട്ടുവാഴി, മുതലാളിത്ത കാലഘട്ടങ്ങളിലെവിവിധ ചൂഷകവിഭാഗങ്ങളായി മാവൂരിൽ ആധിപത്യമുറപ്പിച്ചവരുമായിട്ടാണ്. "മറുഭാഗത്തുള്ളത് മഹാരാജാക്കൻമാരും, കൊച്ചു രാജാക്കൻമാരും നാട്ടുപ്രമാണിമാരുമാണ്. അവരേക്കാൾ വലിയ ബിർളയും. മിച്ചംവരുന്നതും തട്ടിപ്പറിച്ചതും തിന്നാം മാത്രം ശീലിച്ച കുറേ ട്രേഡ് യൂണിയൻ നേതാക്കളും, അവരെ വളർത്തുന്ന രാഷ്ട്രീയത്തൊഴിലാളികളും ശിങ്കിടികളും എന്നും ബിർളയുടെ കൂട്ടിനുണ്ടായിരുന്നു."

കഴിഞ്ഞ വർഷത്തെ കെ.ജയചന്ദ്രൻ ഫെല്ലോഷിപ്പ് ലഭിച്ച 'ദി ഹിന്ദു'വിന്റെ മുൻ ലേഖകൻ സി. സുരേന്ദ്രനാഥ് രചിച്ച "മാവൂർ; ഒരു വികസന മാതൃകയുടെ പതനം" എന്ന ഗ്രന്ഥത്തിൽനിന്ന്. നവം. 24ന് കോഴിക്കോട് നടന്ന ജയചന്ദ്രൻ അനുസ്മരണ ചടങ്ങിൽവെച്ച് മേധാപട്കർ ഈ ഗ്രന്ഥം പ്രകാശിപ്പിച്ചു

ഈ വിഭജനം ആലങ്കാരികമാണെന്നു വ്യക്തം. കാർഷിക മേഖലയും, ചാലിയാർ പുഴയെ ആശ്രയിച്ചുള്ള ഉപതൊഴിലുകൾക്കും പ്രാമുഖ്യം ഉണ്ടായിരിക്കുമ്പോഴും ഗ്രാസിം ഫാക്ടറിയിൽ നിന്ന് നേരിട്ടും അല്ലാതെയും വരുമാനം നേടുന്ന നൂറുകണക്കിനാളുകൾ കൊണ്ടുവരുന്ന 'മാവൂർ പണം' ചാലിയാറിന്റെ തെക്കേക്കരയിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിൽനിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന മണിയോർഡർ പണത്തെക്കാൾ കുറവായിരിക്കാം ഈ തുക, എങ്കിലും മാവൂർ പണത്തിന് അതിന്റേതായ പ്രാധാന്യമുണ്ടായിരുന്നു.

പുഴയുടെ മറുവശത്ത് മാവൂരിലും കീഴ്പ്രദേശങ്ങളിലുമാകട്ടെ ഗ്രാസിം ഫാക്ടറി സമ്പത്തിന്റെ വളർച്ചയിൽ പ്രധാന പങ്കുവഹിക്കുമ്പോൾതന്നെ കാർഷികവൃത്തി ഭൂരിപക്ഷം ജനങ്ങളുടെയും പ്രധാന, പ്രാഥമിക വരുമാനമാർഗമായിരുന്നു. ഏകദേശം അയ്യായിരത്തോളം കുടുംബങ്ങൾ താമസിക്കുന്ന മാവൂരിൽ അറുന്നൂറോളം പേർമാത്രമാണ് ഫാക്ടറിക്കകത്ത് കമ്പനിയുടെ ക്വാർട്ടേഴ്സുകളിൽ താമസിച്ചിരുന്നത്. നാനൂറോളം തൊഴിലാളി കുടുംബങ്ങൾ ക്വാർട്ടേഴ്സിനു പുറത്ത് മാവൂരിൽത്തന്നെ പാർക്കുന്നു. ഫലത്തിൽ മാവൂരിലെ നാലായിരത്തോളം കുടുംബങ്ങളും പ്രധാന വരുമാനസ്രോതസ്സ് ഗ്രാസിം വ്യവസായശാലയല്ല.

മണന്തലക്കടവിനടുത്ത് ചാലിയാർ പുഴയുടെ നടുവിൽ നിന്ന് ഇരുവശത്തേക്കും കണ്ണോടിച്ചാൽ കാണുന്നത് പച്ചപ്പാർന്ന കരകളാണ്. ഒരു വശത്ത് വൃക്ഷങ്ങളുടെ വിളവുകളുടെയുമിടയ്ക്ക് പുരയിടങ്ങൾ. മറുവശത്ത് അല്പം വിസ്തൃതമായ ഒരു തുറസ്സിൽ കൂറ്റൻ കെട്ടിട സമുച്ചയങ്ങളും പുകക്കുഴലുകളും ചേർന്ന ഗ്രാസിം ഫാക്ടറിയും ഫാക്ടറിക്ക് അപ്പുറവുമിപ്പുറവും വീണ്ടും പച്ചപ്പ്.

എന്നാൽ വാഴക്കാടിനെയും, മാവൂരിനെയും കുറിച്ചുള്ള പരിചിത ദൃശ്യങ്ങൾ ഇങ്ങനെയല്ല. കറുത്ത പുകതുപ്പുന്ന കൂറ്റൻ ചിമ്മിനികൾ ഒരുഭാഗത്ത് (നിങ്ങളെന്തിന് കറുത്ത പുകമാത്രം ചിത്രീകരിക്കുന്നു? ഈ പുകക്കുഴലിലൂടെ വെളുത്ത പുകയും ഉയരാറുണ്ട് എന്നാണ് ഗ്രാസിം ഫാക്ടറിയുടെ അധിപൻ ആർ.എൻ. സാബു ടെലിവിഷൻ ക്യാമറ കൈകാര്യം ചെയ്യുന്നവരോട് ഒരിക്കൽ തട്ടിക്കയറിയത്) മറുവശത്ത് പച്ചപ്പാർന്ന വാഴക്കാട്, വാഴയൂർ തുടങ്ങിയ ഗ്രാമങ്ങളിലെ പുരയിടങ്ങളും, പറമ്പുകളും തുണ്ടം തുണ്ടമായ വയലുകളും (ചാലിയാർ പ്രക്ഷോഭത്തിന്റെ വിജയകഥ ചിത്രീകരിക്കാൻ ബോംബെയിൽ നിന്നെത്തിയ ഭൂമി ടെലിവിഷൻ സീരിയലിന്റെ സംവിധായകൻ വാഴക്കാടും, വാഴയൂരും, എളമരത്തുമൊക്കെ രണ്ടുദിവസം ചുറ്റിയിട്ടും വടക്കേയിന്ത്യൻ മാതൃകയിലുള്ള ഒരു ഗ്രാമം പോലും കാണാനാകാതെ നിരാശനായി) പുഴയുടെ ഇരുവശങ്ങളും ഒരേസമയത്തു കാണാൻ വേണ്ട മത്സ്യക്കണ്ണുകളില്ലാത്ത ക്യാമറകൾക്കും മനസ്സുകൾക്കും പുഴയുടെ ദൃശ്യങ്ങളിലാണ് പലപ്പോഴും യാഥാർത്ഥ്യം ഒഴിവാക്കാനാകാഞ്ഞത്. കറുപ്പും, തവിട്ടും പച്ചയും എന്നിങ്ങനെ നിരവധി നിറങ്ങളിൽ മലിനജലമൊഴുകിയിരുന്ന, വെളുത്ത പത മൈലുകളോളം പരന്നുകിന്നിരുന്ന, ചാലിയാർപ്പുഴയുടെ ദൃശ്യങ്ങളിൽ അപ്പോഴും ഈ മലിനജലത്തിൽ മുങ്ങിത്താണ് മണൽ വാരിയെടുക്കുന്ന തൊഴിലാളികളുണ്ടായിരുന്നു.

ഇന്നും ചാലിയാർപ്പുഴ മുറിച്ചുകടന്ന് നിത്യേന സഞ്ചരിക്കുന്നവരിൽ തൊഴിലാളികളും കർഷകരും ഈ രണ്ടു വിഭാഗത്തിൽപെടാത്തവരുമുണ്ട്. എന്നാൽ ഭൂരിഭാഗം പേരും ഇപ്പോഴും കർഷകരും തൊഴിലാളികളും ഒന്നുചേർന്നവർ തന്നെ. കുറച്ച് പുരയിടകൃഷിയും വയൽകൃഷിയുമുള്ളവർ. ഇത്തരക്കാരതന്നെയാണ് മാവൂരിൽ ക്വാർട്ടേഴ്സിനു പുറത്തു താമസിക്കുന്നവരിലധികവും. ഗ്രാസിം ഫാക്ടറിയിലെ ട്രേഡ് യൂണിയൻ നേതാക്കൾ പലരും ക്ലാസിക്കൽ അർത്ഥത്തിലുള്ള വ്യവസായത്തൊഴിലാളികൾ മാത്രമല്ല ഭൂവുടമകളും, പങ്കുകച്ചവടക്കാരും, ബിനാമി ബസ്സുടമകളുമൊക്കെയാണ് അവരിൽ ചിലർ......